മുപ്പിട്ടിട്ടുള്ള ഒരു കത്തു കിട്ടിട്ടുള്ളതായി കാണുന്നു. എന്നാൽ അതിൽ പറഞ്ഞിട്ടുള്ള സംഗതികൾ ഈ ചോദ്യത്തിൽ പറഞ്ഞിട്ടുള്ള മാതിരി അല്ല.

ആ കത്തിലെ സംഗതികളെപ്പറ്റി തെക്കെ ഡിവിഷൻ സക്കിൾ ഇൻസ്പെക്ടർ സ്ഥലത്തു ചെന്നു അന്വേഷണം നടത്തി. കത്തിൽ പറഞ്ഞിട്ടുള്ള സംഗതികൾ മിക്കവയും അടിസ്ഥാനരഹിതമാണെന്നും സബ്ബ് ഇൻസ്പെക്ടരെപ്പറ്റി പറഞ്ഞിട്ടുള്ള ദുഷ്പ്രചാരോപണം മിഥ്യാപവാദങ്ങളാണെന്നും സബ്ബ് ഇൻസ്പെക്ടർ വളരെ സത്യസന്ധനാണെന്നും അന്വേഷണംകൊണ്ടു വെളിപ്പെട്ടു. ബഹുമാനപ്പെട്ട മെമ്പരുടെ കത്തിലെ സബ്ബ് ഇൻസ്പെക്ടരെപ്പറ്റിയുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നു അന്വേഷണംകൊണ്ടു കണ്ടിരിക്കുന്നുവെന്നും തനിക്കു അവയെ ശരിയാണെന്നു തെളിയിപ്പാൻ സാധിക്കുമെങ്കിൽ ഫെബ്രുവരി—മാർച്ച് തിയ്യതി തൃശ്ശൂർ ക്യാമ്പിൽ കമ്മീഷണർ മുമ്പാകെ ഹാജരായി തെളിവു കൊടുക്കേണ്ടതാണെന്നു കാണിച്ചു് ബഹുമാനപ്പെട്ട മെമ്പർക്കു് റജിസ്ട്രേനോട്ടീസ്സ് കൊടുത്തു. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ അന്നേദിവസം ഹാജരാകുകയോ തെളിവു കൊടുക്കുകയോ ചെയ്തില്ല. പക്ഷെ വീണ്ടും ഈ സംഗതിയിൽ തെളിവുണ്ടെങ്കിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർക്കു റജിസ്ട്രേനോട്ടീസ്സ് അയച്ചിട്ടുണ്ടു്. കേസ്സ് മകരം ൧൭-ാംനു ഫെബ്രുവരി തൃശ്ശൂർ ക്യാമ്പിൽ വിചാരണക്കു വെച്ചിരിക്കുന്നു.

SWEET TODDY TAPPING—APPLICATIONS—PARTICULARS FOR 1114.

420. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു് ഗവർമ്മെണ്ടു ദയയായി മറുപടി നൽകുമോ:—

(എ) ഫെബ്രുവരി-ൽ ചക്കര ചെത്തുന്നതിനു് ഓരോ റെയിഞ്ചിൽ നിന്നു് എത്ര അപേക്ഷകൾ വീതം കിട്ടീട്ടുണ്ടു്;

(ബി) അവരിൽ എത്ര പേർക്കു അനുവദിച്ചു കൊടുത്തിട്ടുണ്ടു്; എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടു്?

മിസ്റ്റർ എം. രാമൻമേനോൻ: (എ) and (ബി) അനുബന്ധം നോക്കുക. (*Appendix VIII.*)

LIBRARY ARCHIVES Kerala Legislative Assembly

APPENDIX VII.

(Please see answer to Question 418).

Copy of telegram from Mr. K. S. Panicker.

Excise Commissioner—Ernakulam. Illicit—tapping—Irinjalakkuda—and—suburbs—Inspector—inactive—take—immediate—action—awaiting—arrival—K. S. Panicker.

APPENDIX VIII.

(Please see answer to Question No. 420).

റെയിഞ്ച്	൧൯൯൪-ൽ ചാരായം കണ്ടുപിടിച്ചതിനു കിട്ടിട്ടുള്ള അപേക്ഷകളുടെ എണ്ണം	അപേക്ഷകൾ അനുവദിച്ചതിന്റെ എണ്ണം	അപേക്ഷകൾ നിരസിച്ചതിന്റെ എണ്ണം	റിമാർക്സ്
എറണാകുളം	൯	൯	..	
ഇടപ്പള്ളിത്തുറ	൫ ൩	൫ ൪	൯	
മട്ടാഞ്ചേരി	...	..	..	
ഞാറക്കൽ	൯ ൯ ൩	൩ ൩	൩ പത്ത് അപേക്ഷകൾ അന്വേഷണത്തിൽ ഇരിക്കുന്നു.	
കൊടുങ്ങല്ലൂർ	൯ ൭ ൩	൯ ൩ ൩	൨ ഒന്ന് പിൻവലിച്ചു.	
ഇരിങ്ങാലക്കുട	൯ ൭	൯ ൩	൯	
ചാലക്കുടി	൫ ൪	൯ ൪	൯ ൦	
ഇഞ്ചിവപ്പേരൂർ	൩ ൨	൪ ൭	൭	
ഉഴുരകം	൫ ൦	൭ ൩	൯	
ഏനാമ്മാവു	൫ ൨ ൩	൫ ൨ ൦	൩	
വടക്കാഞ്ചേരി	൫ ൩ ൩	൫ ൫ ൫	൫	
കുന്നംകുളം	൩ ൪ ൩	൩ ൨ ൪	൯ ൨	
പഴയന്നൂർ	൩ ൩	൩ ൯	൫	
ചിറമൂർ	൨ ൩ ൩	൨ ൫ ൯	൩ ആറ് അപേക്ഷകൾ അന്വേഷണത്തിൽ ഇരിക്കുന്നു.	
തൈമ്മാറ	൭ ൪	൩ ൩	൨	

LIBRARY ARCHIVES Kerala Legislative Assembly